compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2024 ജനുവരി 16
**Tuesday, 16th January 2024**

1199 മകരം 2
**2nd Makaram 1199**

1945 പൌഷം 26
**26th Pousha 1945**

വാല്യം 13
**Vol. XIII**

നമ്പർ
**No.** 3

## Part III

# FOREST AND WILDLIFE DEPARTMENT

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## തിരുവനന്തപുരം ഡിവിഷൻ
## പ്രാദേശിക ദർഘാസ്/ലേല പരസ്യം

**നമ്പർ എ1-1826/2023** **തീയതി - 16.01.2024**

തിരുവനന്തപുരം ഡിവിഷനിൽപ്പെട്ടതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ കശുമാവ് തോട്ടങ്ങളിൽ നിന്നും നിലവിലുള്ള ദർഘാസ്/ ലേലവ്യവസ്ഥകൾക്ക് വിധേയമായി 30.06.2024 വരെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റോഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും പരസ്യമായി പ്രാദേശിക ദർഘാസ്/ലേലത്തിൽ വിൽക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ നിന്ന് ലഭിക്കുന്നതായിരിക്കും. ലേലദിവസം രാവിലെ 10 മണിവരെ സിൽ ചെയ്ത് കവറിവുള്ള ദർഘാസ് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തോട്ടത്തിന്റെ പേര്, വാഗ്ദാനം ചെയ്ത വില എന്നിവ ദർഘാസിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ലേലദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ആദ്യ ലേല ദിവസം എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും തോട്ടത്തിന്റെ ലേലം നടക്കാതിരിക്കുകയോ ലേലം വിളി കൊള്ളാൻ ആരും തയ്യാറാകാതെ വരുകയോ ലേലം റദ്ദാക്കുകയോ അഥവാ പുതിയ തോട്ടങ്ങൾ ഉൾക്കൊള്ളിക്കേണ്ടി വരികയോ ചെയ്താൽ അപ്രകാരമുള്ള തോട്ടങ്ങൾ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ലേല ദിവസങ്ങളിൽ അതേ സമയത്ത് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വച്ച് ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലം കഴിഞ്ഞയുടൻ അപ്പോൾ ഹാജർ ഉള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതും ദർഘാസ് / ലേല നിബന്ധനപ്രകാരമുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ് .

| | | |
|---|---|---|
| 1. | ലേല തീയതിയും സമയവും | 05.02.2024 രാവിലെ 11 മണി |
| 2. | അന്നേ ദിവസം ലേലം നടക്കാത്ത തോട്ടങ്ങൾ | 16.02.2024 രാവിലെ 11 മണിക്കും ലേലം നടക്കാത്ത തോട്ടങ്ങൾ 23.02.2024 രാവിലെ 11 മണി |
| 3. | ലേല സ്ഥലം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, വഴുതക്കാട്, തിരുവനന്തപുരം |
| 4. | നിരതദ്രവ്യം | ഓരോ തോട്ടത്തിനും 2000/- രൂപാ വീതം |
| 5. | ദർഘാസ് ഫോറത്തിന്റെ വില | 300/- രൂപ +ജി.എസ്.ടി(ഓരോ തോട്ടത്തിനും പ്രത്യേകം) |
| 6. | കാലാവധി | ഉടമ്പടി തീയതി മുതൽ 30.06.2024 വരെ |

## നിബന്ധനകൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുള്ളവർ ഓരോ തോട്ടത്തിനും 2000/– രൂപാ വീതം നിരതദ്രവ്യം ലേലത്തിനു മുമ്പ് ഒടുക്കേണ്ടതും അപ്രകാരം നിരതദ്രവ്യം ഒടുക്കാത്തവരെ ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു .

2. ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുൻപായി സമർപ്പിക്കുകയോ ഫോട്ടോ പതിച്ച തിരിച്ചറിയിൽ കാർഡിന്റെ അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ് . അല്ലാത്തവരെ ദർഘാസ് ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല .

3. ദർഘാസ് /ലേലം കൊണ്ടയാൾ ദർഘാസ്/ലേലത്തുകയുടെ 35 % (കുറഞ്ഞത് 20000 രൂപയും പരമാവധി 100000 രൂപയും) ലേലം കഴിഞ്ഞാലുടൻ തന്നെ ഒടുക്കേണ്ടതാണ് മൊത്തം ലേലതുക 20,000/– രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ ലേലതുകയും ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ് . അതിന് മുടക്കം വരുത്തിയാൽ അയാൾ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം ഗവൺമെന്റിലേക്ക് കണ്ടുകെട്ടുന്നതും ലേലം കൊണ്ട് തോട്ടങ്ങൾ ലേലം കൊണ്ടയാളുടെ പൂർണ്ണ നഷ്ടത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും എന്നാൽ അതിൽ വച്ച് വല്ല ലാഭവുമുണ്ടായാൽ മുൻ ലേലം കൊണ്ടയാൾക്ക് അതിനവകാശവുമില്ലാത്തതുമാകുന്നു . അപ്രകാരം ലേലം ചെയ്യുന്നതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയത് റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതുമാകുന്നു .

4. ദർഘാസ്/ലേലത്തിൽ വിജയിക്കുന്ന ആളിന്റെ നിരതദ്രവ്യം അയാൾ ഒടുക്കേണ്ടതായ ലേല സംഖ്യയിൽ തട്ടിക്കിഴിക്കുന്നതും ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരിച്ചുകൊടുക്കുന്നതുമാണ് .

5. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആളിന്റെ പേരിൽ ദർഘാസ്/ലേലം ഉറപ്പിക്കുന്നതാണ് . എന്നാൽ യാതൊരു കാരണവും ചൂണ്ടിക്കാണിക്കാതെ ലേലം നിരാകരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ് . കൂടാതെ പട്ടികയിലെ ഏതെങ്കിലും തോട്ടം ലേലത്തിൽ നിന്നും ഒഴിവാക്കാനോ, പുതുതായി ഏതെങ്കിലും തോട്ടം കൂടി ഉൾപ്പെടുത്തി ചെയ്യുന്നതിനോ ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ് .

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിയതായി ലേലം കൊണ്ടയാളിനെ അറിയിക്കുന്ന തിയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ദർഘാസ്/ലേലത്തുകയും മൊത്തം ദർഘാസ് /ലേലത്തുകയുടെ 5 % വനവികസന നികുതിയും നിയമാനുസൃതമായ മറ്റ് നികുതിയും ഏറ്റവും കുറഞ്ഞത് 1000 രൂപയോ , ലേലത്തുകയുടെ 10 % മോ ഏതാണോ കൂടുതൽ അത് സെക്യൂരിറ്റിയായും അടച്ച് 200 രൂപ മുദ്രപ്പത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി എഴുതി ഒപ്പവയ്ക്കേണ്ടതാണ് അതിന് മുടക്കം വരുത്തിയാൽ യാതൊരു കാരണവശാലും കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല . ബാക്കി ദർഘാസ് /ലേലത്തുകയും സെക്യൂരിറ്റിയും ഒടുക്കാതിരുന്നാൽ ലേലം കൊണ്ട് തോട്ടങ്ങൾ റദ്ദ് ചെയ്യുകയും ലേലം കൊണ്ടയാൾ നേരത്തെ കെട്ടിവച്ചിട്ടുള്ള മുഴുവൻ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ് . കൂടാതെ ടി തോട്ടം വീഴ്ച വരുത്തിയ ആളിന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും അതിൽ വെച്ച് എന്തെങ്കിലും നഷ്ടമുണ്ടായാൽ ലേലക്കാരനിൽ നിന്നും നിലവിലിരിക്കുന്ന റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ, യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ് .

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്ന ആൾ ലേലത്തിന് മുൻപായി കശുമാവ് തോട്ടങ്ങൾ നേരിൽക്കണ്ട് പരിശോധിച്ച് വിളവുകളുടെ ഗുണവും തരവും നല്ലതുപോലെ ബോധ്യപ്പെട്ട കൊള്ളേണ്ടതും ലേലത്തിനു ശേഷം ഉണ്ടാകുന്ന പരാതികൾ സാധാരണ ഗതിയിൽ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു .

8. ദർഘാസ്/ലേലം വിളി കേൾക്കുന്ന ആൾ ലേലത്തിനു ഒരു പൂർണ്ണ തീരുമാനം ഉണ്ടാകാതെ പിൻമാറാൻ പാടില്ലാത്തതും അപ്രകാരം പിന്മാറിയാൽ ഡിപ്പാർട്ടമെൻറിന് വരുന്ന നഷ്ടത്തിന് അയാൾ ഉത്തരവാദിയാകുന്നതുമാണ്. ലേലപരസ്യ വിജ്ഞാപന വ്യവസ്ഥകൾ കണ്ടു ബോധ്യപ്പെട്ട് ഒപ്പിട്ട് തരേണ്ടതാണ് . കൂടാതെ ( 9.3.1976 ലെ സർക്കാർ ഉത്തരവ് ( പി) 6276 എ. ഡി.യിലെ നിബന്ധനകളും 16:12.2008 കേരള ഗസറ്റിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( സംരക്ഷണം ) പ്രൊ (5) 7698/2008 നമ്പർ ഉത്തരവിലെ നിബന്ധനകളും) ബാധകമാണ് .

9. ലേലക്കാരൻ കേന്ദ്ര ഗവൺമെൻറിൻറ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതി നിശ്ചിത സമയത്തും നിരക്കിലും നൽകാൻ ബാധ്യസ്ഥനാണ് .

10. ദർഘാസ് /ലേലത്തിൽ വിജയിക്കുന്ന പാട്ടക്കാരൻ മുഴുവൻ കശുവണ്ടിയും ശേഖരിച്ച് സർക്കാർ തീരുമാനത്തിന് വിധേയമായി കേരള കാഷ്യൂ ഡെവലപ്പമെൻറ് കോർപ്പറേഷനേയോ അവരുടെ അംഗീകൃത ഏജൻ്റമാരേയോ അതാത് കാലയളവിൽ ഗവൺമെൻറ് അംഗീകരിക്കുന്ന വിലയ്ക്ക് നൽകേണ്ടതാണ്. കൂടാതെ കശുവണ്ടി സംഭരണവും വിതരണവും സംബന്ധിച്ച് നിലവിലുള്ളതും അതാത് കാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും പാട്ടക്കാരന് ബാധകമാണ് .

11. കരാറുകാരൻ ടിയാൻറ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും സ്ക്വയർ മീറ്ററിന് 5 രൂപ പ്രകാരം ഒരു ഷെഡ് തോട്ടത്തിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ് . ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണ് . കരാർ കാലാവധിക്ക് മുൻപായി ഷെഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ് . ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് നിരക്ക് പ്രകാരം വനത്തിനുള്ളിൽ നിന്നും സൗകര്യമുള്ളപക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ് .

12. കരാറുകാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റമുള്ള കാടുകൾ 5 മീ. ചുറ്റളവിൽ കരാറുകാരന്റെ ചുമതലയിൽ വെട്ടി നീക്കം ചെയ്തിരിക്കണം. വീഴ്ച വരുത്തിയാൽ യുക്തമായ പിഴ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്.

13. തോട്ടത്തിൽ യാതൊരു കാരണവശാലും തീ പിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടതും കരാറുകാരന്റെ പ്രധാന ചുമതലയാണ് . കാട്ടുതീ മൂലമോ , മറ്റ് പ്രതികൂല കാലാവസ്ഥ മൂലമോ വല്ല നഷ്ടവും നേരിട്ടാൽ ആയതിന് കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല .

14. 1കശുവണ്ടി ശേഖരിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രതിമാസ കണക്കുകൾ ഓരോ 5 തിയതിയ്ക്ക് മുൻപായി റെയിഞ്ചാഫീസർക്കും ഡിവിഷണൽ ഫോറസ്റ്റാഫീസർക്കും സമർപ്പിക്കേണ്ടതാണ്. അതിന് വീഴ്ച വരുത്തുന്ന പക്ഷം ഓരോ വീഴ്ചയ്ക്കും 50 രൂപാ വീതം പിഴ വസൂൽ ചെയ്യുന്നതാണ് .

15. ശേഖരണം നടത്തിയ കശുവണ്ടി കടത്തിക്കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസറിൽ നിന്നും നിർബന്ധമായും പാസ്സ് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തിയാൽ ഉചിതമായ പിഴ ഈടാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16. ദർഘാസ്/ലേലത്തിനു ശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ വനംവകുപ്പിലെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.
17. മറ്റ ബാധ്യതകളൊന്നുമില്ലെങ്കിൽ വിൽപ്പന നികുതി ആദായ നികുതി , കാർഷികാദായ നികുതി , എന്നിവയുടെ ക്ളിയറൻസ് സർട്ടിഫിക്കറ്റകൾ കാലാവധി കഴിഞ്ഞ് 6 മാസത്തിനകം ഹാജരാക്കിയാൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നതാണ് .
18. ദർഘാസ് /ലേലത്തിൽ പങ്കെടുക്കുന്നവർക്ക് പാൻ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**വഴുതയ്ക്കാട്**
**തിരുവനന്തപുരം** **ഒപ്പ്**

\

**ഡിവിഷണൽ ഫോറസ്റ്റാഫീസർ**
**( കേരളാ ഗവർണ്ണർക്കു വേണ്ടി)**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വൈൽഡ്‌ലൈഫ് ഡിവിഷൻ, മൂന്നാർ

ആർ – 1942/2024 തിയതി : 11.01.2024

### തൊണ്ടിലേല പരസ്യം

മൂന്നാർ വൈൽഡ്‌ലൈഫ് ഡിവിഷനിൽ താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽ ഉൾപ്പെട്ട തൊണ്ടിവകകളും, സ്ക്രാപ്പുകളും അപകട ഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചുനീക്കിയതും ഉൾപ്പെടെയുള്ള വകകൾ താഴെ പട്ടിക യിൽ കാണിച്ചിട്ടുള്ള തിയതികളിൽ രാവിലെ 11 മണിക്ക് അതാത് റെയ്ഞ്ച് ഓഫീസുക ളിൽ വച്ച് മൂന്നാർ വൈൽഡ്‌ലൈഫ് വാർഡനോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ട ങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തുവിൽക്കുന്നതായിരിക്കും. 01.11.2016 ൽ പ്രസിദ്ധീകരിച്ച 43 -ആം നമ്പർ കേരള ഗസറ്റിൽ വാല്യം- 5-ൽ പ്രസിദ്ധീ കരിച്ച ഇതര ലേല വ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) അവർകളുടെ 21.11.2015 തീയതിയിലെ പ്രൊ(4)-26243 നമ്പരായി 15.12.2012 ലെ 49ആം നമ്പർ കേരള ഗസറ്റ് വാല്യം-4 ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്ത് നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക്, എന്നിവ ലേലം ചെയ്യുന്നതിന് 20000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും മറ്റു തടികൾക്ക് 10000/- (പതിനായിരം രൂപ മാത്രം) രൂപയും മറ്റ് വന വിഭവങ്ങൾക്ക് 2000/- (രണ്ടാ യിരം രൂപ മാത്രം) രൂപയും നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വന വിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉത്പന്നങ്ങളുടെ/വനവിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ ലേല ക്കാർകണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിന് ശേഷം യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്ക് ദിവസ മായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്തും, സ്ഥലത്തും വെച്ച് നടത്തുന്നതാണ്.

1. വിജയിയായ ലേലക്കാരൻ ലേലം കഴിഞ്ഞയുടനെ ലേലം കൊണ്ട ഉൽപ്പന്ന ത്തിന്റെ മൊത്തം വില 20000/- രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. ലേലം കൊണ്ട ഉൽപ്പന്നത്തിന്റെ വില 20000/- രൂപയിൽ കൂടുതലാണെങ്കിൽ മൊത്തം ലേല തുകയുടെ 35% കുറഞ്ഞത് 20000/- രൂപയും കൂടിയത് 1,00,000/-രൂപയും എന്ന കണക്കിൽ ഇ-ട്രെഷറി മുഖേനയോ ദേശസാൽകൃത ബാങ്കിലോ നിഷ്കർഷിക്കപ്പെടുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. നിരുദ്രവ്യമായി അടച്ച തുക മേൽപ്പടി തുകയിൽ ഉൾപ്പെടുത്തുന്നതാണ്.

2. വിജയിയായ ലേലക്കാരൻ ലേലത്തുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കാവുന്നതുമായ തടിയുടെ അളവിന്റേയും രേഖപ്പെടുത്തിയ നിരക്കിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) മുഴുവൻ ലേലത്തുകയും വന വികസന നികുതിയും ചരക്ക് ,സേവന നികുതിയും ലേലം സ്ഥിരീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. മുഴുവൻ ലേലത്തുകയും 15 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12% പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി വൈൽഡ് ലൈഫ് വാർഡന് ദീർഘിപ്പിച്ചു നൽകുന്നതാണ്. 18% പിഴ പലിശ ഒടുക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് ബഹു.കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്റ്റർ (പ്രൊജക്റ്റ് ടൈഗർ) അവർകൾക്ക് അധികാരമുണ്ടായിരിക്കും. ദീർഘിപ്പിച്ച് നൽകുന്ന രണ്ട് കാലാവധിയ്ക്കുള്ളിലും മേൽപ്പറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ച്ച വരുത്തുന്ന പക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരുദ്രവ്യവും മറ്റെല്ലാ ദ്രവ്യവും സർക്കാരിലേയ്ക്ക് കണ്ട്കെട്ടിന്നതും ഉടമ്പടി റദ്ദാക്കുന്നതുമായിരിക്കും.

**<u>പട്ടിക</u>**

| ക്രമനം | റെയ്ഞ്ച് | 01/2024 | 02/2024 | 03/2024 | 04/2024 | 05/2024 | 06/2024 |
|---|---|---|---|---|---|---|---|
| 1 | ഇരവികുളം നാഷണൽ പാർക്ക് | 17 | 14 | 14 | 17 | 15 | 12 |
| 2 | ഷോല നാഷണൽ പാർക്ക് | 18 | 15 | 15 | 18 | 16 | 13 |
| 3 | ചിന്നാർ വന്യജീവി സങ്കേതം | 19 | 16 | 16 | 19 | 17 | 14 |

| ക്രമനം | റെയ്ഞ്ച് | 07/2024 | 08/2024 | 09/2024 | 10/2024 | 11/2024 | 12/2024 |
|---|---|---|---|---|---|---|---|
| 1 | ഇരവികുളം നാഷണൽ പാർക്ക് | 17 | 12 | 25 | 16 | 13 | 18 |
| 2 | ഷോല നാഷണൽ പാർക്ക് | 18 | 13 | 26 | 17 | 14 | 19 |
| 3 | ചിന്നാർ വന്യജീവി സങ്കേതം | 19 | 14 | 27 | 18 | 15 | 20 |

**(ഒപ്പ്)**
**കേരള ഗവർണ്ണർക്ക് വേണ്ടി**
**വൈൽഡ്ലൈഫ് വാർഡൻ**
**മൂന്നാർ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള വനം വകുപ്പ്
# സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ എറണാകുളം
## അധിക വിജ്ഞാപനം

ഇ4-1222/2009 തീയതി 09.01.2023

28.12.2023 തീയതിൽ ഇ4-1222/09 വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികളുടെ ബിഡുകൾ പ്രകാരം യോഗ്യതയുള്ള അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള സെന്റേജ് ചാർജ്ജ് (ശതമാനത്തിൽ) ഓഫറുകൾ ക്ഷണിച്ചിട്ടുള്ളതാണ്.

| ക്രമ നം. | ജോലിയുടെ പേര് | ജോലി ചെയ്യുന്ന സ്ഥലം | അടങ്കൽ തുക (രൂപ) |
|---|---|---|---|
| 1. | ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം | ഇടപ്പള്ളി എറണാകുളം | 15,70,00,000/- |

മേൽ പ്രവൃത്തികൾ പരിശോധിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി ബിഡ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ ഇതിനുമുമ്പ് നടത്തിയിട്ടുള്ള ജോലികളുടെ പരിചയ സമ്പത്ത്, ഗുണ നിലവാരം, സമയബന്ധിതമായി ജോലി പൂർത്തിയാക്കൽ, മറ്റ് ഘടകങ്ങൾ മുതലായവ അന്വേഷിക്കുന്നതും, പരിശോധിക്കുന്നതും, ആയവ വിലയിരുത്തിയ ശേഷം വർക്ക് അവാർഡ് ചെയ്യുന്നതുമായിരിക്കും. ഈ വിജ്ഞാപനം 28.12.2023 ലെ ഇ4-1222/09 ലെ വിജ്ഞാപനത്തിന്റെ ഭാഗമായിരിക്കും എന്നറിയിക്കുന്നു.

(ഒപ്പ്)

ഡെപ്യൂട്ടിഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, എറണാകുളം (കേരള ഗവർണർക്കു വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള വനം വകുപ്പ്

# കണ്ണൂർ വനം ഡിവിഷൻ

# തിരുത്തൽ ലേല പരസ്യം

(2023 ഡിസംബർ 26-ാം തീയ്യതി വാല്യം-12 നമ്പർ-52 - 1632-ാം പേജിൽ പ്രസിദ്ധീകരിച്ച് വന്ന ലേലപ്പരസ്യത്തിൽ തെറ്റ് സംഭവിച്ചത്)

KFDDO/36185/DFO-KNR/T തീ.10-01-2024.

2024 വർഷത്തിൽ കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കണ്ണവം, കൊട്ടിയൂർ, തളിപ്പറമ്പ് എന്നീ റെയിഞ്ചുകളിലെ വില്പനയോഗ്യമായിട്ടുള്ള തൊണ്ടിത്തടികൾ, വിറക്, മറ്റ് തൊണ്ടിവകകൾ എന്നിവയും വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളിൽ നിന്നും കാറ്റത്ത് വീണ മരങ്ങളിൽ നിന്നും മുറിച്ച് ശേഖരിച്ചവയും വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ നില്പാവസ്ഥയിലും അടിയന്തിരഘട്ടങ്ങളിൽ തൊണ്ടിലേലത്തിൽ ഉൾപ്പെടുത്തി വിറ്റഴിക്കേണ്ടതായ മരങ്ങളും മറ്റ് സാമഗ്രികളും അതാത് റെയിഞ്ച് ഓഫീസിൽ വെച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന തീയതികളിലും സമയത്തും കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ലേലം നടത്തുന്നതാണ്. ലേല ദിവസം ലേലത്തിൽ വയ്ക്കുവാൻ യോഗ്യമായ വേറെയും തൊണ്ടിസാധനങ്ങൾ ലഭ്യമായാൽ അവയും ലേലദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ലേലത്തിൽ വെച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദവിവരങ്ങളും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്. ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല. ഓരോ ലേലത്തിനും വിൽക്കുവാൻ ഉദ്ദേശിക്കുന്ന തടികൾ, മറ്റ് വനവിഭവങ്ങൾ മുതലായവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അതാത് റെയിഞ്ച് ഓഫീസിൽ നിന്നും ലേലത്തിന് മുൻപ് അറിയാവുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടുത്താത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 02/12/2009 ലെ പ്രൊ(5)-6835/09-ാം നമ്പർ ആയിട്ടുള്ള 50-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ വനം വകുപ്പിൽ നിലവിലുള്ള മറ്റ് വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും. കോടതി ഉത്തരവ് പ്രകാരം വില്പനയ്ക്ക് വെച്ചിട്ടുള്ള തൊണ്ടിത്തടികളുടെ മുഴുവൻ തുകയും വിജയിയായ ലേലക്കാരൻ ലേലദിവസം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ഈട്ടി, തേക്ക് എന്നിവ ലേലം ചെയ്യുന്നതിന് 20000/- രൂപയും മറ്റ് തടികൾക്ക് 10000/- രൂപയും മറ്റ് വനവിഭവങ്ങൾക്ക് 2000/- രൂപയും നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പട്ടിക

# ലേലത്തീയ്യതി

| ക്രമ നമ്പർ | മാസം | റെയിഞ്ച് | | |
|---|---|---|---|---|
| | | തളിപ്പറമ്പ് | കൊട്ടിയൂർ | കണ്ണവം |
| 1 | ജനുവരി 2024 | 16-01-2024 | 22-01-2024 | 25-01-2024 |
| 2 | ഫെബ്രവരി 2024 | 15-02-2024 | 21-02-2024 | 26-02-2024 |
| 3 | മാർച്ച് 2024 | 12-03-2024 | 16-03-2024 | 21-03-2024 |
| 4 | ഏപ്രിൽ 2024 | 16-04-2024 | 23-04-2024 | 27-04-2024 |
| 5 | മെയ് 2024 | 17-05-2024 | 21-05-2024 | 28-05-2024 |
| 6 | ജൂൺ 2024 | 14-06-2024 | 19-06-2024 | 25-06-2024 |
| 7 | ജൂലൈ 2024 | 16-07-2024 | 23-07-2024 | 27-07-2024 |
| 8 | ആഗസ്ത് 2024 | 14-08-2024 | 20-08-2024 | 24-08-2024 |
| 9 | സപ്തംബർ 2024 | 13-09-2024 | 17-09-2024 | 23-09-2024 |
| 10 | ഒക്ടോബർ 2024 | 09-10-2024 | 15-10-2024 | 22-10-2024 |
| 11 | നവംബർ 2024 | 12-11-2024 | 18-11-2024 | 22-11-2024 |
| 12 | ഡിസംബർ 2024 | 10-12-2024 | 17-12-2024 | 27-12-2024 |

കൂടുതൽ വിവരങ്ങൾ കണ്ണവം, കൊട്ടിയൂർ, തളിപ്പറമ്പ് റെയിഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
കണ്ണൂർ
കണ്ണോത്തുംചാൽ

പി.കാർത്തിക്.ഐ.എഫ്.എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കണ്ണൂർ ഡിവിഷൻ
(കേരള ഗവർണർക്ക് വേണ്ടി)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.01.16 03:46:31 +05:30